# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3713 — 17.12.2015 ൽ മറുപടിയ്ക്ക്

## അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായതായുള്ള പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ കുറുവങ്ങാട് പ്രദേശത്തെ അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണം തൃപ്തികരമല്ല എന്ന നിലയിൽ ആക്ഷൻ കമ്മിറ്റിയിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ശ്രീ.അബ്ദുൾ അസീസ് എന്ന വ്യക്തിയെ കാണാതായത് സംബന്ധിച്ച് പാണംകണ്ടിതാഴ അബ്ദുൾ അസീസ് തിരോധാന ആക്ഷൻ കമ്മിറ്റി, സമർപ്പിച്ച പരാതി 24.11.2015 തീയതിയിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്(ക്രൈംസ്) അന്വേഷണത്തിനും റിപ്പോർട്ടിനുമായി നൽകുകയും അതിൻമേൽ കോഴിക്കോട് CBCID HHW III യൂണിറ്റ് അന്വേഷണം നടത്തി വരികയുമാണ്. |
| (ബി) പ്രസ്തുത നിവേദനത്തിൽ പറഞ്ഞിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (ബി) സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രസ്തുത വ്യക്തിയുടെ തിരോധാനത്തിന്റെ ദുരൂഹത വെളിച്ചത്തുകൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) കേസിൻമേൽ ഊർജിതമായ അന്വേഷണം നടത്തി വരികയാണ്. |

(signature)

സെക്ഷൻ ഓഫീസർ